ശ്രീ. കെ. പി. നൂറുദ്ദീൻ: തൃശ്ശൂർ ജില്ലയോട് അവഗണനയൊന്നുമില്ല. മാത്രമല്ല, വളരെയേറെ പരിഗണന നൽകി ദേശീയഗെയിംസ് നടക്കുമ്പോൾ ഏറ്റവുമധികം സുപ്രധാനമായ ഇനം തൃശ്ശൂർ ജില്ലയിലാണ് നടത്താൻ പോകുന്നത്.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

വ്യവസായങ്ങൾക്ക് ആവശ്യമായ തടി ഇറക്കുമതി

* 538 [575] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഈർച്ചമില്ലുകൾക്കും തടി അസംസ്കൃത പദാർത്ഥമായി ഉപയോഗിക്കുന്ന ഫാക്ടറികൾക്കും ആവശ്യത്തിനുള്ള തടി മറ്റു രാജ്യങ്ങളിൽനിന്നും ഇറക്കുമതിചെയ്യുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ ഏതെങ്കിലും സ്വകാര്യ സ്ഥാപനങ്ങൾ വിദേശരാജ്യങ്ങളിൽ നിന്നും തടി ഇറക്കുമതി ചെയ്യുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ ഏത് സ്ഥാപനമാണെന്ന് വെളിപ്പെടുത്തുമോ?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്): (എ) ആവശ്യമുള്ള തടി ഇറക്കുമതി ചെയ്യുന്നതിനുള്ള നടപടി അതാത് സ്ഥാപനങ്ങൾ തന്നെ സ്വീകരിക്കുന്നുണ്ട്.

(ബി, സി) ഉണ്ട്. പല സ്വകാര്യസ്ഥാപനങ്ങളും തടി ഇറക്കുമതി ചെയ്യുന്നുണ്ട്.

മിനി വ്യവസായ എസ്റ്റേറ്റുകളും മിനി യൂണിറ്റുകളും

* 539 [576] ശ്രീ. കെ. പി. പ്രഭാകരൻ:
,, കെ. വി. സുരേന്ദ്രനാഥ്:
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ:
ശ്രീ. കെ. ഇ. ഇസ്മയിൽ:
,, കെ. ടി. കുമാരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മിനി വ്യവസായ എസ്റ്റേറ്റുകളെയും അവിടെ പ്രവർത്തിക്കുന്ന മിനി യൂണിറ്റുകളെയും പറ്റി ഗവൺമെന്റ് സർവ്വേ നടത്തുകയുണ്ടായോ;

(ബി) എങ്കിൽ സർവ്വേയുടെ നിഗമനങ്ങളെന്താണെന്ന് വെളിപ്പെടുത്തുമോ;

(സി) ആ നിഗമനങ്ങളുടെ വെളിച്ചത്തിൽ മിനി വ്യവസായങ്ങൾ പുനരുദ്ധരിക്കാൻ എന്തു നടപടികൾ സ്വീകരിച്ചു;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇപ്പോൾ സംസ്ഥാനത്ത് എത്ര മിനി വ്യവസായയൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്):

(എ) സംസ്ഥാനത്തെ മിനി വ്യവസായ എസ്റ്റേറ്റുകളെയും അവിടെ പ്രവർത്തിക്കുന്ന മിനി യൂണിറ്റുകളേയും പറ്റി ഗവൺമെൻറ് നിയമിച്ച ഒരു കമ്മിറ്റി പഠനം നടത്തുകയുണ്ടായി.

(ബി) ഇതിൽനിന്നും താഴെപ്പറയുന്ന കാര്യങ്ങൾ വ്യക്തമായി.

ആകെ മിനി വ്യവസായ എസ്റ്റേറ്റുകൾ	110 എണ്ണം
അവയിൽ ആകെയുള്ള ഷെഡ്ഡുകൾ	1106 എണ്ണം

1.	110 മിനി എസ്റ്റേറ്റുകളിൽ തൃപ്തികരമായി പ്രവർത്തിക്കുന്ന യൂണിറ്റുകൾ (467 യൂണിറ്റുകൾ 551 ഷെഡ്ഡുകളിൽ പ്രവർത്തിക്കുന്നു.)	467 എണ്ണം
2.	പീഡിത യൂണിറ്റുകൾ	447 ,,
	ആകെ ഷെഡ്ഡുകൾ	421 ,,
3.	ഒഴിവുള്ള ഷെഡ്ഡുകൾ	64 ,,
4.	പീഡിതവും പൂട്ടിക്കിടക്കുന്നതുമായ യൂണിറ്റുകളിൽ പുനരുദ്ധരിക്കുവാൻ ബാക്കിയുള്ളവ	157 ,,
	ഷെഡ്ഡുകൾ	172 ,,
	പുനരുദ്ധരിക്കാൻ സാധിക്കാത്തവ	290 ,,
	ഷെഡ്ഡുകൾ	319 ,,
5.	ആകെ 64 ഒഴിവുള്ള ഷെഡ്ഡുകളിൽ അടുത്തകാലത്ത് വ്യവസായികൾക്ക് അലോട്ടു ചെയ്തവ	26 ,,
	ബാക്കി അലോട്ടു ചെയ്യുവാനുള്ളത്	38 ,,

(സി) പുനരുദ്ധരിക്കാൻ സാധിക്കുന്ന യൂണിറ്റുകളെ സിക്ക് യൂണിറ്റ് റിഹാബിലിറ്റേഷൻ പദ്ധതിയിൽപ്പെടുത്തി പുനരുദ്ധരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുവാനും പുനരുദ്ധരിക്കുവാൻ സാധിക്കാത്തവയെ ധനകാര്യ സ്ഥാപനങ്ങളുടെ അനുമതിയോടുകൂടി നിലവിലുള്ള യൂണിറ്റുടമകളിൽനിന്നും ഷെഡ്ഡുകൾ ഒഴിപ്പിച്ചെടുത്ത് പുതിയ സംരംഭകർക്കായി വിതരണം ചെയ്യുവാനും ആണ് കമ്മിറ്റി ശുപാർശ ചെയ്തിരിക്കുന്നത്. ഇതേസംബന്ധിച്ച അനന്തരനടപടികൾ സ്വീകരിച്ചുവരുന്നു. സിഡ്കോ-ക്ക് വ്യവസായികൾ അടയ്ക്കേണ്ട തുക ലഘുവായ വ്യവസ്ഥയിൽ അടയ്ക്കാൻ സൗകര്യം ചെയ്തുകൊടുക്കുന്നു.

(ഡി) ആകെ 110 മിനിവ്യവസായ എസ്റ്റേറ്റുകളിലായി 1200 ഷെഡ്ഡുകൾ ഉണ്ട്. ഇവയിൽ 551 ഷെഡ്ഡുകളിൽ 447 മിനി വ്യവസായയൂണിറ്റുകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly